**രജിസ്ട്രേഷൻ വകുപ്പ്**

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസ്,

വഞ്ചിയൂർ, തിരുവനന്തപുരം 695035

ഫോൺ 0471-2703456

ഇ-മെയിൽ regig.ker@nic.in

https://registration.kerala.gov.in

**കേരള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നടപടിക്രമം**

**(ഹാജർ : ശ്രീധന്യ സുരേഷ്. ഐ.എ.എസ്.)**

---

ഉത്തരവ് നമ്പർ : IGR/1790/2025-E1 തീയതി, തിരുവനന്തപുരം, 23-04-2025

---

വിഷയം :- രജിസ്ട്രേഷൻ വകുപ്പ് – ജീവനക്കാര്യം –ചിട്ടി തർക്ക പരിഹാരത്തിനായി ദക്ഷിണ മേഖല, ദക്ഷിണ മദ്ധ്യ മേഖല ജോയിന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ് -മാർക്ക് അധികാരതിർത്തി പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) 27.11.2019 ലെ ജി.ഒ.(പി) നം 195/2019/ടാക്സസ് നമ്പർ ഉത്തരവ്

2) 27.11.2019 ലെ ജി.ഒ.(പി) നം 196/2019/ടാക്സസ് നമ്പർ ഉത്തരവ്

3) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ന്റെ 23.01.2020 ലെ ഇ1-14170/2016(1) നമ്പർ ഉത്തരവ്

4) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ന്റെ 23.01.2020 ലെ ഇ1-14170/2016(2) നമ്പർ ഉത്തരവ്

5) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ന്റെ 25.09.2020 ലെ ഇ1-4582/2020(2) നമ്പർ ഉത്തരവ്

## ഉത്തരവ്

1982 ലെ ചിട്ട് ഫണ്ട് നിയമം സെക്ഷൻ 61 അനുസരിച്ച് രജിസ്ട്രേഷൻ വകുപ്പിലെ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ മാരെ മേൽ നിയമപ്രകാരമുള്ള ചിട്ടി ജോയിൻറ് രജിസ്ട്രാർമാരായി നിയമിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട് അപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ചിട്ടി ജോയിൻറ് രജിസ്റ്റർമാരെ 198 2 ലെ ചിട്ടി ഫണ്ട് നിയമം സെക്ഷൻ 84 ലെ അധികാരം വിനിയോഗിച്ചുകൊണ്ട് സെക്ഷൻ 6 4 പ്രകാരമുള്ള ചിട്ടി തർക്ക പരിഹാരത്തിന് ഉള്ള നടപടികൾ സ്വീകരിക്കുന്നതിനായി അധികാരം നൽകി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ 1982ലെ ചിട്ട് ഫണ്ട് നിയമം സെക്ഷൻ 64 പ്രകാരമുള്ള ചിട്ടി തർക്ക പരിഹാരത്തിനായി പ പരാമർശം (1), (2) നിയമിക്കപ്പെട്ടിട്ടുള്ള ജോയിൻ രജിസ്റ്റർ ഓഫ് ചിറ്റ്സ്- മാർക്ക് പരാമർശം (3) പ്രകാരം ചുമതലകൾ വിഭജിച്ച് നൽകി ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ ചിട്ടി തർക്ക പരിഹാരത്തിനായുള്ള ചിട്ടി രജിസ്ട്രാറുടെ നോമിനിമാരെ പരാമർശം (4) (5) പ്രകാരം നിയമിച്ചുത്തരവായിരുന്നു. മേൽസാഹചര്യത്തിൽ ഭരണപരമായ സൗകര്യം കണക്കിലെടുത്ത് ദക്ഷിണ മേഖല, ദക്ഷിണ മദ്ധ്യ മേഖല ജോയിന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ് മാർക്ക് ചുവടെ ചേർക്കും പ്രകാരം അധികാരപരിധി

പുനർനിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | തസ്തിക, മേഖല | അധികാരപരിധി |
|---|---|---|
| 1 | ജോയിന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ്,<br>ദക്ഷിണ മേഖല<br>(രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ദക്ഷിണ മേഖല, തിരുവനന്തപുരം) | 1.തിരുവനന്തപുരം<br>2.കൊല്ലം<br>3.പത്തനംതിട്ട |
| 2 | ജോയിന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ്,<br>ദക്ഷിണ മദ്ധ്യ മേഖല<br>(രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ദക്ഷിണ മദ്ധ്യ മേഖല, എറണാകുളം) | 1.കോട്ടയം<br>2.ഇടുക്കി<br>3.ആലപ്പുഴ<br>4.എറണാകുളം |

പത്തനംതിട്ട, കോട്ടയം , ഇടുക്കി ജില്ലകളിലെ ആർബിട്രേഷൻ കേസുകളുമായി ബന്ധപ്പെട്ട ഫയലുകൾ അതാത് ജോയിന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ് മാർ ഏറ്റെടുക്കേണ്ടതാണ്.

Signed by
Sreedhanya Suresh
Date: 23-04-2025 10:39:03

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ**

പകർപ്പ്

1. രജിസ്ട്രേഷൻ ജോയിന്റ് ഇൻസ്പെക്ടർ ജനറൽ
2.രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ(ദക്ഷിണ മേഖല), തിരുവനന്തപുരം
3.രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ(ദക്ഷിണമദ്ധ്യ മേഖല), എറണാകുളം
5.ജില്ലാ രജിസ്ട്രാർ (ജനറൽ ), പത്തനംതിട്ട/കോട്ടയം/ഇടുക്കി
6.ഐ.ടി. സെക്ഷൻ (വെബ് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിന്)
8.ഫയൽ/സ്റ്റോക്ക് ഫയൽ